(ഇ) അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1990-ൽ.

(ബി) ഇല്ല. 1-1-2001 മുതൽ സംസ്ഥാനമൊട്ടാകെ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(സി-ഇ) പ്രസക്തമല്ല.

ഗാർഹിക കണക്ഷനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

112 (337) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക ആവശ്യത്തിന് വൈദ്യുതികണക്ഷൻ നൽകുന്നതിന് സർക്കാർ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗാർഹിക കണക്ഷന് ഇപ്പോൾ മാനദണ്ഡമാക്കിയിട്ടുള്ള നീളത്തിന്റെ പരിധി അല്പം കൂടി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കണക്ഷൻ നൽകുന്നതിന് മുൻഗണന നൽകിയിട്ടുണ്ടോ ;

(ഡി) പട്ടികജാതി കോളനികളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വൈദ്യുതിബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് കണക്ഷൻ നൽകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഇത്തരം പരാതികളിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ജി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച ഗാർഹിക കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

ഉത്തരം

(എ) ഗാർഹിക കണക്ഷൻ ലഭിക്കുന്നതിന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ 25 രൂപ അടച്ച് അപേക്ഷാഫാറം വാങ്ങി. വയറിംഗ് അനുമതിക്ക് വേണ്ടിയുള്ള ഫോറം പൂരിപ്പിച്ചു നൽകണം. അനുമതി കിട്ടിയാൽ വയറിംഗ് പൂർത്തിയാക്കി അപേക്ഷകൻ വൈദ്യുതിബോർഡുമായി എഗ്രിമെന്റ് ക്യാഷ് ഡിപ്പോസിറ്റ് അടച്ച് കണക്ഷൻ രജിസ്റ്റർ ചെയ്യണം. ക്യാഷ് ഡിപ്പോസിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അടക്കുന്ന ക്രമത്തിൽ ബോർഡ് നിശ്ചയിക്കുന്ന ടാർജറ്റിനു വിധേയമായി കണക്ഷൻ നൽകുന്നു. വെതർപ്രൂഫ്കണക്ഷനും ഓവർഹെഡ് കണക്ഷനും പ്രത്യേക മുൻഗണനാക്രമമാണുള്ളത്. 31-8-2000 വരെ രജിസ്റ്റർ ചെയ്ത വെതർപ്രൂഫ് കണക്ഷനുകളും 31-12-1998 രെ രജിസ്റ്റർ ചെയ്ത ഓവർഹെഡ് കണക്ഷനുകളും ഈ വർഷം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒ.വൈ.ഇ.സി. തുക അടക്കുന്ന അപേക്ഷകന് മുന്തിയ പരിഗണനയിൽ എത്രയും പെട്ടെന്ന് കണക്ഷൻ നൽകും. കൂടാതെ സി.പി.എൽ., കുടിൽജ്യോതി, മറ്റ് ഒറ്റി.പി. കണക്ഷനുകൾ തുടങ്ങിയവക്ക് അതാത് വിഭാഗത്തിന് ബാധകമാക്കിയിട്ടുള്ള രേഖകൾ ഹാജരാക്കി അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രത്യേക പരിഗണന നൽകി വൈദ്യുതി കണക്ഷൻ നൽകുന്നു.

(ബി) തൽക്കാലം നിർവ്വാഹമില്ല.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്. കാസർകോഡ് സർക്കിളിൽ അനധികൃത വൈദ്യുതകണക്ഷൻ കൊടുത്തതിനെപ്പറ്റിയും മുൻഗണനാക്രമം തെറ്റിച്ചതിനെപ്പറ്റിയും ഓരോ പരാതി ലഭിച്ചിട്ടുണ്ട്.

(എഫ്) ഇവയിൽ അന്വേഷണം നടത്താനുള്ള നടപടി എടുത്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	138264 എണ്ണം
കൊല്ലം	-	113208 എണ്ണം
പത്തനംതിട്ട	-	54221 എണ്ണം
കോട്ടയം	-	80599 എണ്ണം
തൃശ്ശൂർ	-	86180 എണ്ണം
ആലപ്പുഴ	-	86163 എണ്ണം
എറണാകുളം	-	141712 എണ്ണം
ഇടുക്കി	-	45216 എണ്ണം
പാലക്കാട്	-	81106 എണ്ണം
മലപ്പുറം	-	126755 എണ്ണം
വയനാട്	-	30678 എണ്ണം
കോഴിക്കോട്	-	110925 എണ്ണം
കണ്ണൂർ	-	95417 എണ്ണം
കാസർകോട്	-	43652 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly